(എ&ബി) കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുകുളങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടെയുള്ള കുളങ്ങളുടെ നവീകരണം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന് കീഴിൽ നവീകരിച്ചു വരുന്നു. ആയതിന് വാട്ടർ ഷെയർ എഗ്രിമെന്റ് ആവശ്യമില്ല. എന്നാൽ ക്ഷേത്രക്കുളങ്ങൾ നവീകരിക്കേണ്ടി വരുമ്പോൾ ആവശ്യമായ വാട്ടർ ഷെയർ എഗ്രിമെന്റ് തയ്യാറാക്കുന്നതിനായി ഉൾക്കൊള്ളിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി കരട് മാതൃക അടിയന്തരമായി സമർപ്പിക്കുവാൻ ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ക്രോഡീകരിച്ച് മാതൃക ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നീർച്ചാലുകളുടെ ശുദ്ധീകരണം**

212(958) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഴുക്കുനിലച്ച് നീർച്ചാലുകൾ മലിനപ്പെടുന്നത് തടയാനായി ആരംഭിച്ച 'ഇനി ഞാനൊഴുകട്ടെ' എന്ന കാമ്പയിനിലൂടെ എത്ര നീർച്ചാലുകൾ ശുദ്ധീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നീർച്ചാലുകളുടെ ശൃംഖല ജനകീയമായി ശുചിയാക്കി വീണ്ടെടുക്കുന്നതിന് വേണ്ടി "ഇനി ഞാനൊഴുകട്ടെ" എന്ന കാമ്പയിനിലൂടെ മൂന്നു ഘട്ടങ്ങളിലായി 10252.57 കിലോമീറ്റർ നീളത്തിൽ 6847 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രളയത്തിനുശേഷം ഏതെല്ലാം ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല, വർഷം എന്നിവ തിരിച്ച് വിശദമാക്കുമോ?

നിർമ്മാണാനന്തരം വിവിധതരത്തിലും തോതിലുമുള്ള പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമായി ഡാമുകളുടെ സംഭരണശേഷിയിൽ കുറവ് സംഭവിക്കാറുണ്ട്. 2018-ലെ പ്രളയത്തിന് മുൻപായിത്തന്നെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ ചെളി/മണൽ/ മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള "അംഗീകൃത പ്രവർത്തനരേഖ (SOP)" തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-ലെ പ്രളയാനന്തരം മംഗലം - (പാലക്കാട്) ചുള്ളിയാർ- (പാലക്കാട്) ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുകയും മംഗലം ഡാമിന്റെ ഡീ-സിൽറ്റേഷൻ പ്രവൃത്തി 17-12-2020 മുതൽ നടന്നുവരികയും ചെയ്യുന്നു. ചുള്ളിയാർ ഡാമിന്റെ ഡീ-സിൽറ്റേഷൻ പ്രവൃത്തി ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേന നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. വാളയാർ (പാലക്കാട്), മീൻകര (പാലക്കാട്)-ഡാമുകളുടെ ഡീ-സിൽറ്റേഷൻ നിർവ്വഹിക്കുന്നതിന് Kerala State Mineral Development Corporation Limited (KEMDEL) മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലമ്പുഴ (പാലക്കാട്), കാരാപ്പുഴ (പാലക്കാട്), മലങ്കര (ഇടുക്കി) എന്നീ ഡാമുകളുടേയും പഴശ്ശി (കണ്ണൂർ), മണിയാർ (പത്തനംതിട്ട) എന്നീ ബാരേജുകളുടേയും ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കരാർ നടപടി സ്വീകരിക്കുന്നതിന് 1-7-2021-ൽ അനുമതി നൽകിയിട്ടുണ്ട്. പെരിയാർ വാലി ജലസേചന പദ്ധതിക്ക് കീഴിൽ എറണാകുളം ജില്ലയിൽ ഭൂതത്താൻ കെട്ട് ബാരേജാണുള്ളത്. ജലവിതരണത്തിനുശേഷം മഴക്കാലമാകുന്നതോടെ ബാരേജിന്റെ ഷട്ടറുകളെല്ലാം തുറന്നുവയ്ക്കുന്നതിനാൽ ബാരേജിൽ ചെളിയും മണലും അടിഞ്ഞു കിടക്കാറില്ല. പമ്പാ ജലസേചന പദ്ധതിക്ക് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ മണിയാർ ബാരേജിൽ ബാത്തിമെട്രിക് സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ കല്ലട ജലസേചന പദ്ധതിയുടെ കീഴിലുള്ള തെന്മല ഡാമിലും 2018-ൽ സെഡിമെന്റേഷൻ സ്റ്റഡി നട<u>ത്തു</u>കയും 28Mm3 മണൽ അടിഞ്ഞിട്ടുള്ളതായി കണ്ടെത്തിയിട്ടുമുണ്ട്. തൃശ്ശൂർ ജില്ലയിലെ വാഴാനി ഡാമിന്റെ സംഭരണശേഷിയിൽ കുറവുവന്നിട്ടില്ല.

(സി) ഭൂജലസംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതി പ്രകാരം ഭൂജലവകുപ്പ് മുഖേന നടപ്പാക്കിയ 325 പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

### എ.സി. കനാൽ നദിയുമായി സംയോജിപ്പിക്കുന്ന സ്വാമിനാഥൻ കമ്മീഷൻ ശിപാർശ

213(959) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. കനാൽ നെടുമുടി വരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശ പരിഗണനയിലുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly